Annexure - III
(അനുബന്ധം - 3)

1. **<u>ടെൻഡർ സമർപ്പിക്കേണ്ടവിധം</u>**: ഒരു കവറിൽ (കവർ-1) ടെൻഡർ ആപ്ലിക്കേഷൻ ഫീസായ 2,100/- രൂപയുടെ (₹. 2000 + VAT @ 5%) ഡി.ഡി.യും നിരതദ്രവ്യത്തിനുള്ള (EMD) ഡി.ഡി. യും ഉള്ളടക്കം ചെയ്യുക. [500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള സ്ഥലത്തിന് 25,000/- രൂപയും 501 ചതുരശ്ര അടി മുതൽ 2,500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള സ്ഥലത്തിന് 50,000/- രൂപയും 2,500 ചതുരശ്ര അടിക്ക് മേൽ വിസ്തീർണ്ണമുള്ള സ്ഥലത്തിന് 1,00,000/- രൂപയുമാണ് നിരതദ്രവ്യം (EMD)]

ആപ്ലിക്കേഷൻ ഫീസും ഇ.എം.ഡി. യും നിർബന്ധമായും രണ്ട് പ്രത്യേക ഡി.ഡി.കൾ ആയി വേണം എടുക്കാൻ. ഇതേ കവറിൽ തന്നെ ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ / സ്ഥാപനത്തിന്റെ ഐഡന്റിറ്റി, വിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഉള്ളടക്കം ചെയ്യുക. കവറിന്റെ മുകൾ ഭാഗത്ത് "EMD, Application Fee, Identity & Address Proof" എന്ന് രേഖപ്പെടുത്തുക. കവറിന്റെ ഇടത് മൂലയിൽ ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ / സ്ഥാപനത്തിന്റെ വിലാസവും, ഫോൺ നമ്പരും, മൊബൈൽ നമ്പരും രേഖപ്പെടുത്തുക.

മറ്റൊരു കവറിൽ (കവർ-2) ടെൻഡറിന്റെ ഒറിജിനൽ ഫാറം (15 പേജുകൾ) പൂരിപ്പിച്ച്, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക (വാടകയുടെ എത്ര മടങ്ങ് സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകാൻ കഴിയുമെന്നത്) Tender form for Financial Bid - ൽ രേഖപ്പെടുത്തി, എല്ലാ പേജുകളുടെയും അടിയിൽ ഒപ്പിട്ട് ഉള്ളടക്കം ചെയ്ത് കവറിന്റെ മുകൾ ഭാഗത്ത് ."Tender – Financial Bid" എന്ന് രേഖപ്പെടുത്തുക. കവറിന്റെ ഇടത് മൂലയിൽ ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ / സ്ഥാപനത്തിന്റെ വിലാസവും, ഫോൺ നമ്പരും, മൊബൈൽ നമ്പരും രേഖപ്പെടുത്തുക.

മേൽ പറഞ്ഞ രണ്ട് കവറുകളും (കവർ -1 ഉം കവർ -2 ഉം) ഒട്ടിച്ച് സീൽ ചെയ്ത് മൂന്നാമത് ഒരു കവറിൽ (മാസ്റ്റർ കവർ) ഇടുക. മാസ്റ്റർ കവറും ഒട്ടിച്ച് സീൽ ചെയ്ത ശേഷം കവറിന്റെ മുകൾ ഭാഗത്ത് "Tender for ............ space at Thampanoor, (Thiruvananthapuram) KSRTC Bus Terminal Complex," എന്ന് രേഖപ്പെടുത്തുക. (......... സ്ഥലത്ത് വാടകയ്ക്ക് എടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ കോഡ് നമ്പരാണ് രേഖപ്പെടുത്തേണ്ടത്. ഉദാഹരണത്തിന് F-13 എന്ന കോഡ് ചെയ്യപ്പെട്ട സ്ഥലമാണ്

വാടകയ്ക്ക് എടുക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ മാസ്റ്റർ കവറിന്റെ മുകൾ ഭാഗത്ത് "Tender for F-13 space at Thampanoor, Thiruvananthapuram KSRTC Bus Terminal Complex" എന്ന് വേണം രേഖപ്പെടുത്താൻ). മാസ്റ്റർ കവറിന്റെ ഇടത് മൂലയിൽ ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും മൊബൈൽ നമ്പരും രേഖപ്പെടുത്തുക. മാസ്റ്റർ കവറിന്റെ വലത് മൂലയിൽ താഴെ കൊടുത്തിരിക്കുന്ന വിലാസം രേഖപ്പെടുത്തുക.

To,

**The Chief Engineer (BOT Projects)**
Kerala Transport Development Finance Corporation Ltd.
Level-8 ($6^{th}$ Floor), Trans Towers, Vazhuthacaud,
Thiruvananthapuram, Kerala, PIN: 695 014.
Phone: 0471 – 2326883.

2. ലേലത്തിൽ മാത്രം പങ്കെടുക്കാൻ താല്പര്യമുള്ളവരും മേൽ വിവരിച്ച പ്രകാരം ടെൻഡർ സമർപ്പിക്കേണ്ടതാണ്. എന്നാൽ അവർ ഫിനാൻഷ്യൽ ബിഡ് ഫാറത്തിൽ സെക്യൂരിറ്റി ഡിപ്പോസിറ്റ് തുക പൂരിപ്പിക്കേണ്ട സ്ഥലം പൂരിപ്പിക്കേണ്ടതില്ല.

3. ടെൻഡർ ഫാറത്തിന്റെ ഡ്യൂപ്ലിക്കേറ്റ് പൂരിപ്പിച്ച് ടെൻഡർ സമർപ്പിച്ച വ്യക്തിക്ക് / സ്ഥാപനത്തിന് സൂക്ഷിക്കാവുന്നതാണ്.

4. ടെൻഡറുകൾ 2014 ഏപ്രിൽ മാസം 7–ാം തീയതി വൈകുന്നേരം 3 മണി വരെ സ്വീകരിക്കും. ടെൻഡറുകൾ തപാൽ/കൊറിയർ വഴിയോ, നേരിട്ടോ സമർപ്പിക്കാവുന്നതാണ്.

5. ലേല നടപടികൾ 2014 ഏപ്രിൽ മാസം 9 –ാം തീയതി രാവിലെ 11 മണി മുതൽ തമ്പാനൂർ ബസ് ടെർമിനൽ കോമ്പ്ളക്സിൽ വച്ച് ആരംഭിക്കുന്നതാണ്.

6. പ്രത്യേകം കോഡ് ചെയ്ത സ്ഥലങ്ങൾക്ക് മാത്രമേ ടെൻഡർ സമർപ്പിക്കാവൂ. അതായത് ലോബി, വരാന്ത മുതലായ സ്ഥലങ്ങൾക്ക് സമർപ്പിക്കുന്ന ടെൻഡറുകൾ നിരസിക്കപ്പെടുന്നതാണ്. കെ.റ്റി.ഡി.എഫ്.സി. വാടകയ്ക്ക് നൽകാനുദ്ദേശിക്കുന്ന സ്ഥലങ്ങളുടെയും അവയുടെ കോഡ് നമ്പരുകളുടെയും വിസ്തീർണങ്ങളുടെയും അവയ്ക്ക് നിശ്ചയിച്ചിരിക്കുന്ന പ്രതിമാസ വാടകകളുടെയും

വിവരങ്ങൾ അനുബന്ധം–I, അനുബന്ധം–II എന്നിവയിൽ നിന്നും മനസ്സിലാക്കിയിട്ടുവേണം ടെൻഡർ ഫോറം പൂരിപ്പിക്കേണ്ടത്.

7. ടെൻഡർ സമർപ്പിച്ച വ്യക്തിക്കോ, സ്ഥാപനത്തിനു വേണ്ടി സമർപ്പിച്ച വ്യക്തിക്കോ ലേല നടപടികളിൽ പങ്കെടുക്കാൻ സാധിക്കുന്നില്ല എങ്കിൽ പകരക്കാരനെ നിയോഗിക്കാവുന്നതാണ്. അത്തരത്തിൽ പങ്കെടുക്കുന്ന വ്യക്തി ദർഘാസ് സമർപ്പിച്ച വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ "അധികാരപ്പെടുത്തൽ പത്രം" (Authorization Letter) സമർപ്പിക്കേണ്ടതും ആ വ്യക്തിയുടെ ഫോട്ടോ പതിച്ച ഐഡന്റിറ്റി പ്രൂഫ് (Identity Proof) നൽകേണ്ടതുമാണ്. അല്ലാത്തപക്ഷം അപ്രകാരമുള്ളവരെ ലേല നടപടികളിൽ ഒരു കാരണവശാലും പങ്കെടുപ്പിക്കുന്നതല്ല.

8. ടെൻഡർ ഉറപ്പിക്കുന്നത് ടെൻഡറിലോ ലേലത്തിലോ ഏറ്റവും കൂടുതൽ പലിശ രഹിത സുരക്ഷിത നിക്ഷേപം (Interest Free Security Deposit) വാഗ്ദാനം ചെയ്യുന്ന വ്യക്തിക്കോ സ്ഥാപനത്തിനോ ആയിരിക്കും.

9. ലേല ദർഘാസ് നടപടികൾ നടപ്പിലാക്കുന്നതും കോംപ്ലക്സിലെ സ്ഥലം വാടകയ്ക്ക് നല്കുന്നതും ടെൻഡർ ഡോക്യുമെന്റിൽ വിവരിച്ചിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചായിരിക്കും. ലേല–ദർഘാസ് നടപടികളിൽ പങ്കെടുക്കുന്നവർ പ്രസ്തുത നിബന്ധനകൾ വായിച്ച് മനസ്സിലാക്കേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ (ബി.ഒ.റ്റി. പ്രോജക്ട്സ്)**
**കെ.റ്റി.ഡി.എഫ്.സി.**